LIBRARY ARCHIVES Kerala Legislative Assembly

നടക്കാവ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട സംഭവം

115(5704) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് സിറ്റിയിൽ നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 15-4-2015 തീയതി നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 344/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കേസ് നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ 6-6-2015 വരെ അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് കോഴിക്കോട് സിറ്റി പോലീസ്, അസിസ്റ്റന്റ് കമ്മീഷണർ നോർത്തിന്റെ നേതൃത്വത്തിൽ ഒരു സ്പ്യാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരികയുമാണ്. ഈ കേസിൽ ശാസ്ത്രീയമായ അന്വേഷണം നടത്തിയിട്ടും പ്രതികളെക്കുറിച്ച് യാതൊരു വിവരവും കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രസ്തുത കേസിൽ ഇപ്പോഴും അന്വേഷണം തുടർന്നുവരുന്നു.

കവർച്ച കേസുകളിൽ പ്രതിയായവർ

116(5705) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഷണം, കവർച്ച, പിടിച്ചുപറി തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങൾ സജീവമായിരിക്കുന്നതായി അറിയാമോ ;

(ബി) ഈയടുത്ത് കണ്ണൂരിൽ നടന്ന കവർച്ച കേസുകളിൽ പ്രതികളായവരിൽ ആർ.എസ്.എസ്. പ്രവർത്തകരും പ്രാദേശിക നേതാക്കളും ഉൾപ്പെട്ടതായി അറിയാമോ ;

(സി) തലശ്ശേരി കവർച്ച കേസ്സിലെ പ്രതികളിൽ ആർ.എസ്.എസുകാർ എത്രയാണ് ; ആരൊക്കെ :